പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6333 11/07/2012 - ൽ മറുപടിക്ക്

## മത്സ്യകൃഷി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>,, വർക്കല കഹാർ:<br>,, സണ്ണി ജോസഫ്:<br>,, എ. പി. അബ്ദുള്ളക്കുട്ടി: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മൽസ്യകൃഷി വികസനത്തിന് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതുജന പങ്കാളിത്തത്തോടും കൂടി നടപ്പിലാക്കുന്ന 'മത്സ്യ സമൃദ്ധി പദ്ധതി' സംസ്ഥാനത്തെ മത്സ്യകൃഷി വികസനത്തിന് ഊന്നൽ നൽകുന്നു. 'മത്സ്യസമൃദ്ധി പദ്ധതി' മുഖേന മൂന്ന് വർഷം കൊണ്ട് ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. മത്സ്യകർഷക വികസന ഏജൻസി മുഖേന ഉൾനാടൻ മേഖലയിൽ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>സംസ്ഥാനത്തെ ജലകൃഷി വികസനത്തിനായി നിരവധി പദ്ധതികൾ അഡാക്ക് വഴി ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ട്. ഇവയിൽ കോൾ നിലങ്ങൾ, പൊക്കാളി നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ, കൈപ്പാട് നിലങ്ങൾ എന്നിവയിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൂടുകളിലെ മത്സ്യകൃഷി, വല്ലങ്ങളിലെ മത്സ്യകൃഷി എന്നിവ ഉൾപ്പെടുന്നു. ജലകൃഷി വികസനത്തിനായി വിത്തുല്പാദന കേന്ദ്രങ്ങൾ, വിത്ത് ഗുണമേന്മ പരിശോധിക്കുന്നതിന് പി.സി.ആർ; ലാബുകൾ, ജലകൃഷി പരിശീലനത്തിനായി പൊയ്യ, എരഞ്ഞോളി എന്നിവിടങ്ങളിൽ പ്രദർശന ഫാമുകൾ എന്നിവ അഡാക്കിന്റെ പദ്ധതിയിൽപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തിലെ റിസർവോയറുകളിൽ മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിക്കുന്ന പദ്ധതിയും അഡാക്ക് വഴി നിർവ്വഹണം നടത്തി വരുന്നു. |
| (ബി) | എവിടെയൊക്കെയാണ് മൽസ്യം വളർത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ ഉൾനാടൻ ശുദ്ധ ജലാശയങ്ങൾ, കുളങ്ങൾ, ഒഴുക്കില്ലാത്ത നദികൾ, അടുക്കളക്കുളങ്ങൾ, ഫെറോസ് സിമന്റ് ടാങ്കുകൾ, സിൽപോളിൻ ടാങ്കുകൾ, ഓരുജലാശയങ്ങൾ എന്നിവിടങ്ങളിലെല്ലാം മത്സ്യകൃഷി നടപ്പിലാക്കുന്നുണ്ട്. കൂടാതെ അഡാക്ക് മുഖേന പാടശേഖരങ്ങളിലും (കുട്ടനാട്, കോൾ, പൊക്കാളി നിലങ്ങളിലും 'ഒരു നെല്ലും ഒരു മീനും പദ്ധതി'), പൊതുജലാശയങ്ങളിലും (കൂടുകളിലും വല്ലങ്ങളിലും മത്സ്യകൃഷി), ജലസംഭരണികളിലും (മത്സ്യകൃഷി), കുളങ്ങളിലും ടാങ്കുകളിലും (വിത്തുല്പാദന യൂണിറ്റുകളും ഫാമിംഗ് യൂണിറ്റുകളും) മത്സ്യകൃഷി നടപ്പാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തെ ഡാമുകളിൽ മൽസ്യകൃഷി ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ? | (സി) | സംസ്ഥാനത്തെ 20 ജലസംഭരണികളിൽ ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ മത്സ്യ/ആറ്റുകൊഞ്ച് വിത്ത് സംഭരണം അഡാക്കിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ